# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

30.07.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5858

## ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2010-11, 2011-12, 2012-13, 2013-14 കാലയളവിലെ വാർഷിക പൊതുയോഗ റിപ്പോർട്ടുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ വിരമിച്ചവർ, മരണപ്പെട്ടവർ, സ്ഥാനക്കയറ്റം നൽകിയ പ്രകാരമുള്ളവർ, പുതിയ ബ്രാഞ്ചുകളിലുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര ഒഴിവുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തിയിരുന്നു; | (എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിരമിച്ചിട്ടുള്ളതും മരണപ്പെട്ടതുമായ ജീവനക്കാരുടെ വിവരങ്ങൾ വാർഷിക റിപ്പോർട്ടുകളിൽ പ്രസിദ്ധീകരിക്കാറുണ്ട്. 2010-11-, 2011-12 കാലയളവിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിന്നും ആരും വിരമിക്കുകയോ മരണപ്പെടുകയോ ചെയ്തിട്ടില്ല. ടി തസ്തികയിൽ 2012-13 വർഷത്തിൽ 3 പേരും 2013-14 ൽ 2 പേരും വിരമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ; | (ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് ഏറ്റവും പുതിയ ക്ലാസിഫിക്കേഷൻ ഉത്തരവ് പ്രകാരം 57 ബ്രാഞ്ച് മാനേജർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 25 ശതമാനമാണ് നേരിട്ട് നിയമനം നടത്തുന്നത്. ടി 57 എണ്ണത്തിന്റെ 25 ശതമാനമായ 14 ഒഴിവുകൾ 2008 ലും 2009 ലുമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ടെങ്കിൽ എപ്രകാരമാണ് അത് നികത്തിയതെന്ന് വിശദീകരിക്കുമോ? | (സി) 30.12.2011 ലും 18.07.2013 ലും ഉദ്യോഗക്കയറ്റം നൽകിയത് വഴിയും വിരമിക്കൽ വഴിയും വന്ന ഒഴിവുകളിൽ 31 പേർക്ക് നിബന്ധനകൾക്ക് വിധേയമായി ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ